"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ. അഭിജിത്കെ.. ദീപക്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ക്വാളിറ്റി കൺട്രോൾ ഓഫീസ്, പാലക്കാട് എന്നവരെ കുടുംബശ്രീ തൃശ്ശൂർ ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2687/2025/LSGD തീയതി,തിരുവനന്തപുരം, 06-11-2025

---

പരാമർശം:-

1. 10/05/2013-ലെ 42/2013/ധന നം. സർക്കുലർ
2. 28/11/2013-ലെ സ.ഉ.(പി)നം.580/2013/ധന
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.09.2025, 24.10.2025 തീയതികളിലെ 1568/E1/2025/KSHO നമ്പർ കത്ത്.
4. കേരള സംസ്ഥാന തെരഞ്ഞെടുപ്പ കമ്മിഷന്റെ 03.11.2025-ലെ B2/129/2025-SEC- Part(1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീ. അഭിജിത്. കെ. ദീപക്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ക്വാളിറ്റി കൺട്രോൾ ഓഫീസ്, പാലക്കാട് എന്നവരെ കുടുംബശ്രീ തൃശ്ശൂർജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുന്നതിന് പരാമർശം (3) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. അഭിജിത്. കെ. ദീപക്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ക്വാളിറ്റി കൺട്രോൾ ഓഫീസ്, പാലക്കാട് എന്നവരെ കുടുംബശ്രീ തൃശ്ശൂർജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ കേരള സർവ്വീസ് റൂൾസ് ഭാഗം -1, ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും, പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ടി ഉദ്യോഗസ്ഥന് യാതൊരു ചുമതലകളും നല്കിയിട്ടില്ലെന്ന് ഉറപ്പ് വരുത്തണമെന്ന നിബന്ധനയ്ക്കും വിധേയമായി, ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

3. അന്യത്ര സേവനത്തിനു വിധേയനായ ഉദ്യോഗസ്ഥൻ എത്രയുംവേഗം ചാർജെടുത്തിരിക്കണമെന്ന നിബന്ധനയോടെ പരാമർശം (4) പ്രകാരം സംസ്ഥാന തെരഞ്ഞെടുപ്പ കമ്മിഷൻ പ്രത്യേക അനുമതി നല്കിയിരിക്കുന്നതിനാൽ ആയത് കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിനീത വി ആർ
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ശ്രീ. അഭിജിത് കെ. ദീപക്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ക്വാളിറ്റി കൺട്രോൾ ഓഫീസ്, പാലക്കാട് (ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം മുഖേന)

ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/305/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 06-11-2025 11:03:38
സെക്ഷൻ ഓഫീസർ